പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1103 29.09.2011 ൽ മറുപടിക്ക്

# റോഡ് പരാതികൾക്കുള്ള കോൾ സെന്ററിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് റോഡ് സംബന്ധിച്ച പരാതികൾ അറിയിക്കുവാൻ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഈ വർഷം എത്ര പരാതികൾ കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി ; ഇതിൽ 48 മണിക്കൂറിനകം പരിഹരിക്കപ്പെട്ട പരാതികൾ എത്ര; ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്ന പരാതികൾ എത്രയാണ് എന്ന് വ്യക്തമാക്കുമോ ? | (ബി) ഈ വർഷം 3222 പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 348 പരാതികൾ പരിഹരിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലില്ലാത്ത 222 പരാതികൾ ഉണ്ട്. പരാതി പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ച പരാതികൾ 1387 എണ്ണമാണ്. ഇതേവരെ പരിഹരിക്കപ്പെടാതെ കിടക്കുന്ന 1265 പരാതികൾ ഉണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ 646 പരാതികൾ രജിസ്റ്റർ ചെയ്തു. അവയിൽ 302 എണ്ണം 48 മണിക്കൂറിനകം പരിഹരിച്ചു. 66 എണ്ണം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ